പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.354     28.05.2019 ൽ മറുപടിയ്ക്ക്

**പ്രളയത്തിൽ ഭക്ഷ്യധാന്യം നശിച്ചതിന്റെ നഷ്ടപരിഹാരം**

ചോദ്യം

**ശ്രീ.അൻവർ സാദത്ത്**

ഉത്തരം

**ശ്രീ. പി. തിലോത്തമൻ**

**( ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ എത്ര കോടി രൂപയുടെ ഭക്ഷ്യധാന്യമാണ് കേടായതെന്ന് വിശദമാക്കാമോ; | (എ) | സപ്ലൈകോ ഡിപ്പോകളിലും വില്പനശാലകളിലും എൻ.എഫ്.എസ്.എ ഗോഡൗണകളിലുമായി ഏകദേശം 5.84 കോടി രൂപയുടെ ഭക്ഷ്യധാന്യവും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ 131.27 കോടി രൂപയുടെ ഭക്ഷ്യധാന്യവും കേടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇത് ഇൻഷ്വർ ചെയ്തിരുന്നോ ; എങ്കിൽ എത്ര തുകയ്ക്കാണ് ഇൻഷ്വർ ചെയ്തതെന്നും ഏത് ഇൻഷ്വറൻസ് കമ്പനിയിലാണ് ഇൻഷ്വർ ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) | സപ്ലൈകോ ഡിപ്പോകൾ, വില്പനശാലകൾ, എൻ.എഫ്.എസ്.എ ഡിപ്പോ ഗോഡൗണകൾ എന്നിവിടങ്ങളിലെ ഭക്ഷ്യധാന്യം ഇൻഷ്വർ ചെയ്തിരുന്നില്ല. മില്ലുകളിലെ ഭക്ഷ്യ ധാന്യം യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിൽ Rs.273,33,12,784 (ഇരുന്നൂറ്റി എഴുപത്തി മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി നാല് ) രൂപയ്ക്കാണ് ഇൻഷ്വർ ചെയ്തത്. |
| (സി) | ധാന്യങ്ങൾ നശിച്ചതിന്റെ ക്ലെയിം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് കമ്പനിക്ക് എന്നാണ് ക്ലെയിം പെറ്റീഷൻ നൽകിയതെന്നും എത്ര കോടി രൂപയുടെ നഷ്ടപരിഹാരമാണ് ആവശ്യപ്പെട്ടതെന്നും വിശദമാക്കുമോ; | (സി) | 09.10.2018 ൽ Rs.131,27,63,702 (നൂറ്റി മുപ്പത്തൊന്ന് കോടി ഇരുപത്തേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി എഴുന്നൂറ്റി രണ്ട്)രൂപയുടെ നഷ്ട പരിഹാരമാണ് ക്ലെയിം ചെയ്തത്. |
| (ഡി) | ഇൻഷ്വറൻസ് കമ്പനി ഇതിനകം എന്ത് തുക നഷ്ടപരിഹാരമായി നൽകിയെന്ന് വ്യക്തമാക്കാമോ; | (ഡി) | 25 കോടി രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്നും ഈ നഷ്ടത്തിന് ഉത്തരവാദികൾ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഇ) | സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ പ്രളയം മൂലം കേടായ ഭക്ഷ്യധാന്യങ്ങളുടെ നഷ്ടം, ഇ-ടെൻഡർ നടപടികളിലൂടെ നടത്തിയ വില്പന പൂർത്തിയായതിനു ശേഷവും ഇൻഷ്വറൻസ് കമ്പനി ക്ലെയിം സെറ്റിൽ ചെയ്തതിനുശേഷവും മാത്രമേ കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ നഷ്ടത്തിന് മറ്റാരേയും ഉത്തരവാദികളായി കണക്കാക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ